**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6816** | **11-07-2024 - ൽ മറുപടിയ്ക്ക്**

**ഉദുമ സബ്-രജിസ്ട്രാർ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉദുമ സബ്-രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. സൈറ്റ് പ്രിപ്പറേഷൻ (ക്യാബിൻ) ജോലികൾ പൂർത്തിയാകാനുണ്ട്. |
| (ബി) | കെട്ടിടത്തിനുള്ളിൽ ക്യാബിൻ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷം "രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം" എന്ന സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് കാസർഗോഡ് ജില്ലയിലെ ഉദുമ സബ്-രജിസ്ട്രാർ ഓഫീസിന്റെ ക്യാബിൻ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ആയത് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നല്കിയിട്ടുള്ളതുമാണ്. ഇതിനാവശ്യമായ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് എന്ന് മാറുമെന്ന് അറിയിക്കാമോ? | (സി) | സൈറ്റ് പ്രിപ്പറേഷൻ (ക്യാബിൻ) ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ